(ബി) 11,159.45 കോടിയുടെ മുതൽമുടക്ക് വരുന്ന 96 പദ്ധതി കൾക്കാണ് ജിം-ൽ ധാരണാപത്രം ഒപ്പുവച്ചത്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 2003-ലെ വ്യവസായ നയത്തിലും ഐ. ടി. നയത്തിലും പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ വ്യവസായികൾക്ക് നൽകിവരുന്നു.

പീഡിത വ്യവസായമായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡം

6 [2874] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പീഡിത വ്യവസായമായി പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഭാരതീയ റിസർവ് ബാങ്ക് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർവ്വചനമാണ് പീഡിത വ്യവസായത്തിന് ബാധകമായിട്ടുള്ളത്. നിലവിലുള്ള നിർവചനമനുസരിച്ച് പീഡിത വ്യവസായമെന്നാൽ:—

ധനകാര്യസ്ഥാപനത്തിൽനിന്നും അനുവദിച്ചിട്ടുള്ള വായ്പയുടെ കണക്കുകളിൽ ഏതിലെങ്കിലും തിരിച്ചടവു വീഴ്ചമൂലം പലിശയോ മുതലോ ഒരുവർഷത്തിൽ കൂടുതൽ കുടിശ്ശികയായി വന്നാൽ ആ സ്ഥാപനത്തെ ഒരു പീഡിത ചെറുകിട വ്യവസായ യൂണിറ്റായി കണക്കാക്കാം.

അല്ലെങ്കിൽ

ഒരു ചെറുകിട വ്യവസായ യൂണിറ്റ് 2 വർഷമെങ്കിലും ഉൽപ്പാദനത്തിലിരിക്കുകയും തൊട്ടു മുൻവർഷത്തെ കണക്കുപ്രകാരമുള്ള ആകെ ആസ്തിയുടെ 50% നു തുല്യമായ തുക പണനഷ്ടം സംഭവിക്കുകയും ചെയ്താൽ ആ സ്ഥാപനത്തെ പീഡിത വ്യവസായ യൂണിറ്റായി കണക്കാക്കാം.

കേരളാ ആട്ടോ മൊബൈൽസ് ലിമിറ്റഡിൽ ജോലി ചെയ്യുന്നവർ

7 [2875] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിൽ എത്ര പേർ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നു; അവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കേരളാ ആട്ടോ മൊബൈൽസ് ലിമിറ്റഡിൽ ഡപ്യൂട്ടേഷനായി വരികയും പ്രസ്തുത സ്ഥാപനത്തിൽ പണിയെടുക്കാതെ വർക്കിംഗ് അറേജുമെന്റ് എന്ന വ്യവസ്ഥയിൽ ജോലി നോക്കുന്നവരുടെ പേരും അവർ ജോലി ചെയ്യുന്ന സെക്ഷനും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly